**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**26 January 2018**
**(08 Jamad'ul Awwal 1439 AH)**

# “A DIVINE WARNING”. :/ ഒരു ദൈവീക മുന്നറിയിപ്പ്

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം ഒരു ദൈവീക മുന്നറിയിപ്പ് എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഒരു ദൂതനെ അയ്ക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല 17 : 16 എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ ! നല്ലതു പോലെ ചിന്തിക്കുക ! 2018 ആരംഭം മുതൽ തന്നെ മൗറിഷ്യസ് വളരെ പ്രയാസമേറിയ സാഹചര്യങ്ങളിലുടെയാണ് പൊയക്കാണ്ടിരിക്കുന്നത്. പുതുവർഷത്തെ 1-ാം തീയതി തന്നെ ഒരു വലിയ അപകടമുണ്ടായി. രണ്ട് സഹോദരന്മാർ അതിൽ മരണപെടുകയുണ്ടായി. തൊട്ടടുത്ത ദിവസം, ഒരു മുൻഭർത്താവ് തന്റെ മുൻ ഭാര്യയെ ഒരു തോക്ക് ഉപയോഗിച്ച് കൊല ചെയ്തു. (അവർ തന്റെ മുൻ ഭർത്താവിന്റെ വീട്ടിൽ തന്റെ കുട്ടിയെ കാണാൻ വന്നപ്പോൾ) എന്നിട്ട് അയാൾ സ്വയം വെടി വെച്ചു ചത്തു.

ജനുവരി1 മുതൽ ആരംഭിച്ച മഴ തോർന്നിട്ടില്ല. 2018 ജനുവരി 07 തീയതി ഞായറാഴ്ച ഒഴികെ മറ്റെല്ലാ ദിവസവും വളരെ വലിയ മഴയാണ് വർഷിച്ചു കൊണ്ടിരുന്നത്. 2018 ജനുവരി 8-ാം തീയതി സ്ക്കൂൾ തുറന്ന ദിവസം അതിശക്തമായ മഴ വീണ്ടും തുടർന്നു. കാർഷിക മേഖലയെ അത് തകർത്തു കളഞ്ഞു. (ഫലങ്ങളും, പച്ചക്കറികളും) ആയിരക്കണക്കിന് ഭവനങ്ങളിലെ സാധനസാമഗ്രികളും കാറുകളും നാശഗർത്തത്തിലമർന്നു. അതേ തുടർന്ന് ബർഗ്യൂട്ട എന്ന പേരിലുള്ള അപകടകാരിയായ കൊടുങ്കാറ്റ് 2018 ജനുവരി 16 മുതൽ 18 വരെ കാര്യങ്ങൾ കൂടുതൽ വഷളാക്കി. മൗറിഷ്യസിൽ ആദ്യമായി (അനേകം വർഷങ്ങൾക്ക് ശേഷം) 5000 ൽ അധികം ആളുകളെ, പുരുഷന്മാരും, സ്ത്രീകളും കുട്ടികളും അഭയാർത്ഥി കേന്ദ്രത്തിൽ അഭയം തേടിയിരിക്കുന്നു. അവരുടെ ഭവന

ങ്ങളും അവരുടെ സാധനസാമഗ്രികളും ഉപേക്ഷിക്കേണ്ടി വന്നു. കൊടുങ്കാറ്റു മൂലം വ്യക്തികളും കുടുംബാംഗങ്ങളും സ്വന്തം ജീവൻ രക്ഷിക്കാനുള്ള നെട്ടോട്ടത്തിലായിരുന്നു. സാമൂഹ്യ പ്രവർത്തകരും, എന്തിനേ ഭരണകൂടത്തിനു പോലും, വെറും ബിസ്ക്കറ്റും, കുപ്പിവെള്ളവും മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചത്.

ബർഗ്യൂട്ട കൊടുങ്കാറ്റു ഒഴിഞ്ഞു പോയ ശേഷം, പച്ചക്കറി സാധനങ്ങളും, ഫലങ്ങളും മാർക്കറ്റിൽ നിന്നും മിക്കവാറും അപ്രത്യക്ഷമായി. അവശേഷിക്കുന്ന പച്ചക്കറികൾക്കും ഫലങ്ങൾക്കും വില റോക്കറ്റു പോലെ കുതിച്ചുയർന്നു. മൗറിഷ്യസിലെ ജനങ്ങൾക്ക് ഇത് വളരെ പ്രയാസകരമായ അവസ്ഥാവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. എല്ലാവിധ സാധനങ്ങൾക്കും വില കുതിച്ചുയർന്നിരിക്കുന്നു. ഈ തുടർച്ചയായ ഭീകരമായ മഴയും മിന്നലും,ബർഗ്യൂട്ട കൊടുങ്കാറ്റും, രാഷ്ട്രത്തിലുടനീളം വളരെയധികം കേടുപാടുകൾ വരുത്തിയിരിക്കുകയാണ്. അഴുക്ക് ചാലുകളും, കനാലുകളും പൊട്ടി ഒഴുകുന്നു. തെരുവികളിലൂടെ വെള്ളം ഒഴുകി കൊണ്ടിരിക്കുന്നു. കാറുകൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. തുടർന്ന് രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ മഴയ്ക്ക് ശമനം കണ്ടു തുടങ്ങിയിരിക്കുന്നു. എന്നാൽ മറ്റു ഭാഗങ്ങളിൽ ദൗർഭാഗ്യങ്ങൾ വിതയ്ക്കുന്ന മഴ തുടർന്നു കൊണ്ടിരിക്കുന്നു.

സ്ഥിതി വിശേഷം ഗുരുതരമായി തുടരുകയാണ്. ജനുവരി 24, 25 ബുധൻ, വ്യാഴം ദിവസങ്ങളിൽ അതിശക്തമായ മഴയുടെ മുന്നറിയിപ്പ് നല്കിയിരിക്കുകയാണ്. സ്ക്കൂളുകളും, സർവ്വകലാശാലകളും, മറ്റു ചില ജോലി സ്ഥലങ്ങളും അടച്ചിടുവാൻ സർക്കാർ നിർബന്ധിതമായിരിക്കുകയാണ്. മൗറിഷ്യസിലെ വെള്ള പൊക്കത്താലും, തുടർന്നു കൊണ്ടിരിക്കുന്ന പേമാരിയാലും ജനം പരിഭ്രാന്തിയിലായിരിക്കുകയാണ്. സാഹചര്യം കണക്കിലെടുത്ത് ആരോഗ്യമന്ത്രാലയം ജനങ്ങളെ, ചൂടുവെള്ളം കുടിക്കുവാൻ ഉപദേശിച്ചിരിക്കുകയാണ്. ആമാശയ വീക്കം പോലുള്ള രോഗങ്ങൾക്കടിമപ്പെടാതിരിക്കുവാൻ, ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കുവാൻ മുന്നറിയിപ്പ് നല്കിയിരിക്കുന്നു. മുൻകരുതൽ പലതുമെടുത്തിട്ടുണ്ടെങ്കിലും നേത്രരോഗം പോലുള്ള രോഗങ്ങൾ പിടിപ്പെട്ടിരിക്കുകയാണ്.

മൗറിഷ്യസ് അഭിമുഖരിക്കുന്ന എല്ലാ കാര്യങ്ങളും വിവരിക്കുക അസാധ്യമാണ്. കാരണം ഞങ്ങളുടെ ഈ കൊച്ചു ദ്വീപ് ഒന്നിനു പുറകെ മറ്റൊന്നായി വളരെയധികം പരീക്ഷണങ്ങൾ നേരിട്ടു കൊണ്ടിരിക്കുകയാണ്.

ജനങ്ങളും ഗവർണമെന്റും ദൈവദൂതന്റെ മുന്നറിയിപ്പുകളെ അവഗണിച്ചതാണ് ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം. ഈ വിപത്തുകൾ സത്യവാന്മാരുടെ മേൽ പതിക്കുമ്പോഴും ദൈവനിഷേധത്തിലും പാപത്തിലും കഴിയുന്നവരുടെ മേൽ പതിക്കുമ്പോഴും, ഇവ തമ്മിൽ വളരെ വലിയ അന്തരമുണ്ട്.

സത്ചരിതരായ ആളുകളുടെ മേൽ ഇറങ്ങുന്ന വിപത്തുകളും പ്രയാസങ്ങളും അവർക്ക് ആനന്ദത്തിന്റെ ഉറവിടമായി മാറുന്നു. കാരണം അവർക്ക് ലഭ്യമായ ക്ഷമമൂലമാണത്.

അവരുടെ അതിയായ സന്തോഷത്തിന്റെ കാരണം ഈ വിപത്തുകൾ / പ്രയാസങ്ങൾ അവരെ ആത്മീയ പുരോഗതിയിലേക്ക് നയിക്കുന്നു. ഇത്തരം പരീക്ഷണങ്ങൾ അവരുടെ ആത്മീയ ഔന്നത്യത്തിന് നിദാനമായിത്തീരുന്നു. അത് അവർക്ക് ലഭിച്ച ഒരു ഏണിപോലെയാണ്. (അതിലൂടെ അവർ ആത്മീയതയുടെ ഉയരങ്ങൾ താണ്ടുന്നു)

ഇത്തരം പ്രയാസങ്ങളിലൂടെയും ബുദ്ധിമുട്ടുകളിലൂടെയും കടന്നു പോകാത്തവർ ഒരിക്കലും പുരോഗതി ആർജ്ജിക്കുകയില്ല. മറ്റൊരുവശം, പാപിയെ സംബന്ധിച്ചടത്തോളം, അവനു നേരിടേണ്ടിവരുന്ന വിപത്തുകളും പ്രയാസങ്ങളും, അവന്റെ തന്നെ മോശം പ്രവർത്തന ഫലമാണ്. അവന്റെ ദുഷ് ചെയ്തികൾ തന്നെയാണ് യഥാർത്ഥ വിപത്ത്. അത് അവനെ ക്രോധത്തിലേക്ക് നയിക്കുന്നു. അങ്ങനെ അവന് അവന്റെ ജീവിതം ദുഃസഹമായി മാറുന്നു. അത്തരം ഒരു വ്യക്തി മരണത്തിന് മുൻഗണന കൊടുക്കുന്നു. അവൻ ജീവിതം തുടരുവാൻ ആഗ്രഹിക്കുന്നില്ല. അവൻ നേരിടുന്ന എല്ലാ വിപത്തുകളും മരണത്തോടെ അവസാനിക്കുന്നില്ല എന്ന് അവൻ തിരിച്ചറിന്നില്ല. എന്നാൽ അവൻ ഇതേ പ്രയാസം മരണാനന്തരവും നേരിടേണ്ടി വരുമെന്ന് അറിയുന്നില്ല.

ചുരുക്കത്തിൽ പ്രകൃതി നിയമമനുസരിച്ച്, ഇത്തരം വിപത്തുകൾ സംഭവിക്കുന്നത്, പാപികളുടെ കാര്യത്തിൽ അവർക്ക് മുന്നറിയിപ്പ് നല്കുന്നതിനുവേണ്ടിയാണ്. (അതായത് പാപിക്കും/അനുസരിണയില്ലാത്തവനും) ഇത്തരം മുന്നറിയിപ്പുകൾ നല്കപ്പെടുന്നത് അവർക്ക് ആത്മീയ ഉയർച്ച കരസ്ഥമാക്കുന്നതിനുള്ള അവസരം നല്കുന്നതിനുവേണ്ടിയാണ്.

ഇത്തരം പ്രതിഭാസത്തിന്റെ രഹസ്യങ്ങൾ അറിയാത്ത പാമരന്മാർ, ഇതിൽ നിന്നും നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് പകരം, അവരുടെ ജീവിതത്തിൽ ഒരു മാറ്റം വരുത്തുന്നതിന് പകരം, യഥാർത്ഥമായ ഏകദൈവത്തിലേക്ക് തിരിയുന്നതിന് പകരം, അവന് ഒരു പങ്കുകാരെയും സ്ഥാപിക്കാതിരിക്കുന്നതിന് പകരം അവർ ഇതിന്റെ നേരെ ചെകിട് പൊട്ടന്മാരെപോലെ നിലകൊള്ളുകയും പഴയ അന്ധതയിൽ തന്നെ അവർ തുടരുകയും ചെയ്യുന്നു. അജ്ഞത എന്ന രോഗം എത്ര കഠിനതരമാണ് ! താരതമ്യം ചെയ്യാൻ കഴിയാത്ത കാര്യങ്ങളിലാണ് താരതമ്യം ചെയ്യുന്നത്. പ്രവാചകന്മാർ നേരിടുന്ന പരീക്ഷണവും സാധാരണ ആളുകൾ നേരിടുന്ന പരീക്ഷണവും താരതമ്യം ചെയ്യുന്നത് നിരാശാ ജനകം തന്നെ.

അല്ലാഹുവിന്റെ പ്രവാചകന്മാരുടെ മേലും മറ്റു, തെരഞ്ഞെടുക്കപ്പെട്ടവരുടെ മേലും നടപ്പാക്കുന്ന പരീക്ഷണങ്ങൾ അവന്റെ സ്നേഹത്തിന്റെ അടയാളം മാത്രമാണ്. ഇത്തരം പരീക്ഷണങ്ങളിലൂടെ ദൈവം അവർക്ക് ആത്മീയ മണ്ഡലങ്ങളിൽ ഏറ്റവും വലിയ പദവി നല്കുന്നതാണ്.

കുറ്റവാളികൾ പരീക്ഷണങ്ങളിൽ സമവായത്തിലെത്തുമ്പോൾ, ദൈവം അവരെ നശിപ്പിക്കുവാൻ തയ്യാറാവുന്നു. അനേകം പ്രാവശ്യം സർവ്വശക്തനായ ദൈവം, മാനവരാശിക്കു മുന്നറിയിപ്പ് നല്കുവാൻ എനിക്ക് വെളിപാട് നല്കിയിട്ടുണ്ട്. അത്തരം നാശം ഉണ്ടാകുന്നതാണ്. മനുഷ്യ സൃഷ്ടിപ്പു മുതൽ ഇതുവരെ വെളിപ്പെടാത്ത നിലയിൽ ! രക്തം ഒഴുകികൊണ്ടിരിക്കും ! മൃഗങ്ങളെയും പക്ഷികളേയും പോലും വിടില്ല. വളരെയധികം ഭവനങ്ങളും നിലപരിശാകും. അവിടെ ജനവാസം ഉണ്ടായിട്ടില്ലാത്ത നിലയിൽ ! ആകാശങ്ങളിലും ഭൂമിയിലും മറ്റനേകം ശിക്ഷകൾ ഇറങ്ങുന്നതാണ്. ബുദ്ധിമാൻമാർ മനസ്സിലാക്കും. ഇത് അസാധാരണമായ സംഭവം തന്നെയാണ് ! മാനവസമുദായം വലിയ അപകടത്തിൽപെടുന്നതാണ്. ഇതിന് എന്തുപറ്റി എന്ന് അവർ അത്ഭുതത്തോടെ വീക്ഷിക്കും. അനേകർ രക്ഷപ്പെടും ! എന്നാൽ മറ്റനേകർ നശിച്ചൊടുങ്ങും.

ആ ദിനങ്ങൾ സമീപത്തായിരിക്കുന്നു അത് ഉമ്മറപടിയിലെത്തിയിരിക്കുന്നു. വിധി നാൾ പ്രത്യക്ഷമായതുപോലെയുള്ള രംഗങ്ങൾക്ക് ലോകം സാക്ഷ്യം വഹിക്കും. ഭൂമികുലുക്കങ്ങളും ഭയപ്പെടുന്ന മറ്റു ദുഃഖാവസ്ഥകളും, പ്രത്യക്ഷമാകും.. ചിലത് ആകാശത്തു നിന്നും, മറ്റു ചിലത് ഭൂമിയിൽ നിന്നും. ഞാൻ എന്റെ പ്രിയ ശിഷ്യൻ ഫസിൽ ജമ്മാൽ (ഡൽഹി, ഇൻഡ്യ) സാഹിബിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

വെളിപാട് ലഭിച്ചത് മുതൽ ലോകത്തിനു ചുറ്റും നടമാടുന്ന ഈ വിപത്തുകളുടെ എല്ലാം ഒരു ക്രോഡീകരണം തയ്യാറാക്കുവാൻ. ആഗോളതലത്തിൽ ഉണ്ടാകുന്ന സാഹചര്യത്തെ ഒന്നു വിലയിരുത്തന്നതിനു വേണ്ടിയാണിത്. അൽഹംദുലില്ലാഹ് !അദ്ദേഹം വളരെ നല്ല ഒരു ഉത്തരവാദിത്വമാണ് നിറവേറ്റികൊണ്ടിരിക്കുന്നത് !

ഇതെല്ലാം സംഭവിക്കുക തന്നെ ചെയ്യും ! കാരണം യഥാർത്ഥമായ ദൈവത്തെ ആരാധിക്കുന്നത് മനുഷ്യർ നിർത്തിവെച്ചിരിക്കുന്നു. അവന്റെ എല്ലാ ശ്രദ്ധയും ഇഹലോക കാര്യത്തിലേക്ക് തിരിഞ്ഞിരിക്കുന്നു. ഭൗതിക ലോക അനുഗ്രഹങ്ങൾ മാത്രം ! ജനങ്ങൾക്ക് ദൈവീക അനുഗ്രഹങ്ങൾ അദൃശ്യമായിരിക്കുന്നു (കാരണം ഈലോകത്തിലെ കാഴ്ചകളിൽ അവന്റെ കണ്ണുകൾ അന്ധമായിരിക്കുന്നു)

ഈ നൂറ്റാണ്ടിൽ ഞാൻ വന്നില്ലായിരുന്നവെങ്കിൽ, ഈ ദുഃഖാവസ്ഥ അല്പ സമയം നീട്ടിവെയ്ക്കുമായിരുന്നു. കോപിഷ്ടനായ ദൈവത്തിന്റെ പദ്ധതികൾ എന്റെ വരവോടെ ദീർഘകാലത്തിനു ശേഷം വ്യക്തമായിരിക്കുന്നു. അവൻ പറഞ്ഞതുപോലെ ഒരു ദുതനെ അയയ്ക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല 17 : 16

പശ്ചാത്താപിക്കുമ്പോൾ സുരക്ഷിതരാവും അവർക്ക് ദുഃഖാവസ്ഥ വരുന്നതിനു മുൻപ് അവർ ദൈവത്തെ ഭയപ്പെടട്ടെ ! അങ്ങനെയുള്ളവർക്ക് ദൈവീക അനുകമ്പ നല്കപ്പെടും. ! നിങ്ങൾക്ക് ഒരു വിപത്തും വരില്ലാ എന്ന കാര്യത്തിൽ നിങ്ങൾക്ക് ഉറപ്പുണ്ടോ? നിങ്ങൾ സുരക്ഷിതരാണോ? നിങ്ങൾ അങ്ങനെ വിശ്വസിക്കുന്നുണ്ടോ ? തീർച്ചയായും ഇല്ല. ശക്തരായ രാജ്യങ്ങൾ അല്ലെങ്കിൽ മറ്റു രാജ്യങ്ങൾ അവ അശക്തമോ, പാപപ്പെട്ടതോ, ആകട്ടെ എന്തിനേറെ ദ്വീപുകളെ പോലും ഒഴിവാക്കപ്പെടുകയില്ല. നിങ്ങൾക്കായി കഠിനതരമായ ദുഃഖാവസ്ഥകൾ ശേഖരിച്ചു വെച്ചിരിക്കുന്നതായി ഞാൻ ഭയപെടുന്നു.

നിങ്ങൾ എല്ലാവരോടുമായി പറയട്ടെ ! നിങ്ങളാരും സുരക്ഷിതരല്ല. ലോകത്തിലെ ഒരു രാജ്യത്തെയും വിടുന്നതല്ല ദ്വീപുകളിൽ വസിക്കുന്നവരെ പോലും ! നിങ്ങളുടെ ഭാവനയിലുള്ള ഒരു ദിവ്യത്വത്തിനും നിങ്ങളെ സഹായിക്കുവാൻ കഴിയുകയില്ല.

ഞാൻ എന്റെ രക്ഷിതാവിന്റെ കണ്ണു കൊണ്ടാണ് കാണുന്നത്. ഭയാനകമായ അനേകം സാധനങ്ങളാൽ ഈ ലോകത്തെ തരിപ്പണമാക്കും. ആ ഏക ദൈവം അല്പകാലം നിശ്ബദനായിരിക്കുകയാണ്. എന്നാൽ ഇപ്പോൾ സമയം

ആസന്നമായിരിക്കുന്നു. എന്റെ വരവോടെ, ദൈവീകമായി മുൻപേ കുട്ടി തീരുമാനിച്ചിരുന്ന വരവാണിത്, ദൈവത്തിന്റെ വിനീത സേവകൻ, ഒരു മുന്നറിയിപ്പികാരൻ, നിങ്ങൾക്കെല്ലാവർക്കുമായി മുഴു മാനവകുലത്തിനുമായി ആ ഏകദൈവത്തെ, അല്ലാഹുവിനെ സമ്പൂർണ്ണമായും നിങ്ങൾ ആരാധിക്കുന്നില്ലെങ്കിൽ, അതിലേക്ക് ലോക ജനത വരുന്നില്ലെങ്കിൽ, ആ മഹാവിപത്തിനെ കാത്തിരുന്നു കൊള്ളുക. സർവ്വശക്തനായ ദൈവം തീർച്ചയായും ഭയപ്പെടുത്തുന്ന അവന്റെ മുഖം നിങ്ങളെ കാണിക്കുക തന്നെ ചെയ്യും ! ചെവിയുള്ളവർ കേൾക്കട്ടെ ! സമയം വിദുരത്തല്ല ! കുറ്റവാളിയെ ദൈവീക ക്രോധം പിടികൂടുക തന്നെ ചെയ്യുന്നതാണ്.

ദൈവത്തിന്റെ അഭയത്തിൽ നിങ്ങളെ എല്ലാവരേയും കൊണ്ടുവരാൻ ഞാൻ പരിശ്രമിച്ചു. നമ്മുടെ അഭിപ്രായ വ്യത്യാസങ്ങൾ മറക്കുവാൻ പറഞ്ഞു വിനിയാന്വിതരാകാൻ പറഞ്ഞു. വ്യർത്ഥമായ കാര്യങ്ങളിൽ തർക്കിക്കരുത്, ഒന്നുമല്ലാത്ത നിസ്സാര കാര്യങ്ങളിൽ ! ഞാൻ പറഞ്ഞു നമ്മൾ തമ്മിൽ ഒരു യുദ്ധം വേണ്ട ! നമുക്ക് സമാധാനം സൃഷ്ടിക്കാം. തർക്കത്തിലേർപ്പെടുന്നവരോട്, ഞാൻ പറഞ്ഞു നിങ്ങൾ ക്ഷമകൈകൊള്ളുവാൻ, എന്നിട്ട് സമാധാനം സ്ഥാപിക്കുവാൻ, വീണ്ടെടുക്കാവാൻ ! നിങ്ങൾ നേർപാതയിലാണെങ്കിൽ ! ഒരമ്മ പെറ്റമക്കളെ പോലെ സഹോദരീ സഹോദന്മാരായി വർത്തിക്കുവാൻ ! നിങ്ങൾ പരുഷ സ്വാഭാവക്കാരാകരുത്. അഹംഭാവിയുമാകരുത്. ഇതു പറയുമ്പോൾ, ഞാൻ ഈ സന്ദേശം എന്റെ എല്ലാ അനുചരന്മാരെയും / സഹാബിമാരെയും ഈ സന്ദേശം കൈമാറുവാൻ ആഗ്രഹിക്കുകയാണ്. അല്ലാഹുവിന്റെ ദൂതനെ ചിത്രവധം ചെയ്യരുത് ! അല്ലാഹുവിന്റെ ദൂതന്റെ ഹൃദയത്തെ ദുഃഖത്താലും പ്രയാസത്താലും ഭാരമുള്ളതാക്കരുത്. നിങ്ങൾ പരസ്പരം ഭിന്നതയിലാകുന്നതു കാണുമ്പോൾ, സമാധാനം ഇല്ലാതാകുമ്പോൾ, അല്ലാഹുവിനേയും അവന്റെ ദൂതനെയും അനുസരിയിക്കാതെ വരുമ്പോൾ ! കരുതിയിരിക്കുക അല്ലാഹുവിന്റെ ഭയാനകമായി ശിക്ഷയെകുറിച്ച് !

നിങ്ങൾ ഞാൻ പറയുന്നത് ശ്രദ്ധിക്കുക ! നിങ്ങളുടെ തന്നെ മോക്ഷത്തിനാണ്, ഈ ലോകത്തും, അനന്തമായ ദൈവരാജ്യത്തും ! ഏകനായ ദൈവത്തിലേക്ക് തിരിയുക ! മാപ്പപേക്ഷിക്കുക, എല്ലാ പാപങ്ങൾക്കും എല്ലാ ന്യൂനതകൾക്കും ദൈവദൂതൻ നിങ്ങളിൽ തൃപ്തനാണെങ്കിൽ, തീർച്ചയായും അല്ലാഹുവും നിങ്ങളിൽ തൃപ്തനായിരിക്കും. അവൻ മാലാഖമാരോടു പറയും നിങ്ങളെ

സ്നേഹിക്കുവാൻ ! കാരണം നിങ്ങൾ അവൻ തെരഞ്ഞെടുത്തവനെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ഇൻശാ അല്ലാഹ്.

ഹേ ! മാനവകുലമെ ! ദൈവ വിധി തീർച്ചയായും നടപ്പാക്കപ്പെടുക തന്നെ ചെയ്യുന്നതാണ്. വരും ദിനങ്ങളെ നോഹയുടെ ദിനങ്ങളായി നിങ്ങൾ കാണുന്നതാണ്. എന്നാൽ കോപിഷ്ഠനാകുന്നത് വളരെ സാവാധാനത്തിലാണ്. പശ്ചാത്തിപിക്കുവാൻ അവൻ നിങ്ങൾക്ക് ധാരാളം സമയം അനുവദിക്കുന്നതാണ്. അതുകൊണ്ട് പശ്ചാത്തപിക്കു ! ദൈവീക കാരുണ്യം അവൻ നിങ്ങളിൽ ചൊരിയും ! ദൈവത്തെ കയ്യൊഴിയുന്നവൻ വെറും ഒരു കീടമാണ്, അവൻ ഒരു മനുഷ്യനല്ല, അല്ലാഹുവിനെ ഭയപ്പെടാത്തവൻ ഒരു ശവമാണ്, അവൻ ജീവിച്ചിരിക്കുന്നവനല്ല.

അല്ലാഹു (ത) നിങ്ങളെ നേർവഴിയിൽ നയിക്കട്ടെ ! നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും അവൻ പ്രകാശഭരിതമാക്കട്ടെ ! അതിലൂടെ ഈ പ്രസംഗം നിങ്ങൾക്ക് നന്നായി മനസ്സിലാക്കുവാൻ സാധിക്കട്ടെ ! ഒരു താമസവും കൂടാതെ ഈ ഉപദേശങ്ങൾ പ്രാവർത്തികമാക്കുക. നിങ്ങളെല്ലാവരും ഒരുമിച്ച്, യഥാർത്ഥമായ ഏകദൈവത്തിലേക്ക് തിരിയുക എന്നിട്ട് മാപ്പപേക്ഷിക്കുക, നിങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സഹായം തേടുക. അത് ഐഹികമാകട്ടെ പാരത്രികമാകട്ടെ ആ അല്ലാഹുവിൽ വിശ്വാസമർപ്പിച്ച് അവനിൽ ഭാരമേല്പിക്കുക, അവനിൽ വിശ്വസിക്കു അവനിൽ മാത്രം ! നിങ്ങൾക്ക് പൂർണ്ണവിശ്വാസമർപ്പിക്കുവാൻ അവൻ മാത്രമാണുള്ളത്. സംരക്ഷകനായും അവൻ മാത്രം ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated By : R. Jamaludin Raother**
**& Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**